LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇപ്പോൾ ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത് വ്യക്തമാണ്. ഇതിന് എങ്ങനെ പരിഹാരമുണ്ടാക്കാമെന്ന് നമുക്കാലോചിക്കാം. ഇപ്പോൾ ഗവൺമെന്റിന് കിട്ടിയിരിക്കുന്ന നിയമോപദേശം ഇതാണ്. അങ്ങ് ഇവിടെ പറഞ്ഞ സാഹചര്യത്തിൽ വീണ്ടും ഇതുസംബന്ധിച്ച നിയമോപദേശം തേടുമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

4. കർഷകർക്ക് പട്ടയം

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്നിപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന റബ്ബർ സബ്സിഡി 150 രൂപയാണ്. ഇതുകൊണ്ട് രണ്ടുവിധത്തിലാണ് അപകടമുണ്ടാകുന്നത്. പട്ടയമില്ലാത്ത കർഷകരെ സംബന്ധിച്ചിടത്തോളം അവർക്ക് റബ്ബർ ബോർഡ് രജിസ്ട്രേഷനില്ല, അവർക്ക് റബ്ബറിന് വിലയും ലഭിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലുള്ള എയ്ഞ്ചൽവാലി ഉൾപ്പെടെയുള്ള മേഖലയിലെ കർഷകരുടെ വേദന അതിലും പ്രധാനപ്പെട്ടതാണ്. 1948-1949 -ലെ ഗ്രോ മോർ ഫുഡ് പദ്ധതി പ്രകാരം എരുമേലി പഞ്ചായത്തിലെ എയ്ഞ്ചൽവാലി ഉൾപ്പെടെയുള്ള മേഖലയിൽ കർഷകരെ സർക്കാർ കുടിയിരുത്തിയതാണ്. 1956-ൽ പമ്പാവാലി മേഖലയിലെ ഭൂമി റവന്യൂ വകപ്പിന് കൈമാറിയതായി ഫീൽഡ് ഡയറക്ടർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് കൊടുത്തതാണ്. കർഷകർക്ക് പട്ടയം ലഭിക്കണമെന്നുള്ള ആവശ്യത്തിന്മേൽ കേന്ദ്ര ഗവൺമെന്റ് മണിയങ്ങാടൻ കമ്മിറ്റിയെ നിയമിച്ചു. 1963-ൽ മണിയങ്ങാടൻ കമ്മിറ്റി പമ്പാ എയ്ഞ്ചൽവാലി മേഖലയിൽ കുടിയൊഴിപ്പിക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചു. 1968-ൽ മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ച് കേന്ദ്ര ഗവൺമെന്റ് ഉത്തരവായി. 1970 -ൽ സർവ്വേ നടത്തി ജോയിന്റ് വെരിഫിക്കേഷൻ നടത്തി ജണ്ടയിടുകയും കിടങ്ങുകൾ കഴിച്ച് വനഭൂമി, കൃഷിഭൂമി എന്നിങ്ങനെ തിരിക്കുകയും ചെയ്തു. 1990-ൽ വീണ്ടും സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. 1980-ലെ വനനിയമത്തിന്റെ പരിധിയിൽ ഈ മേഖല വരുന്നില്ലെന്ന് 9-11-2010-ൽ സി.സി.എഫ്.-ന്റെ നോട്ടുണ്ട്. 29-2-2015-ൽ കോട്ടയം ജില്ലാ കളക്ടറും ഈ ഭൂമി റവന്യൂ ഭൂമിയാണെന്നുള്ള റിപ്പോർട്ട് ഗവൺമെന്റിന് അയച്ചിട്ടുണ്ട്. 23-1-2015-ൽ നടന്ന മുഖ്യമന്ത്രിയുടെ കോൺഫറൻസിലും ഈകാര്യം തീരുമാനിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഒരു ഉത്തരവ് മാത്രമാണ് ഇനി ആവശ്യം. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന കോൺഫറൻസിൽ മുഖ്യമന്ത്രി വളരെ വ്യക്തമായി ഈ കാര്യത്തിൽ തീരുമാനമെടുത്ത് പറയുകയും കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് 29-1-2015-ൽ

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം ജില്ലാ കളക്ടർ ഇത് കൃഷി ഭൂമിയാണ്, വനഭൂമിയല്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതിലും പ്രധാനപ്പെട്ടകാര്യം, അവിടെയുള്ള ആദിവാസികൾക്ക് പട്ടയം കൊടുക്കാൻ നടപടി സ്വീകരിക്കാമെന്ന് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് കാലത്ത് അവിടെ വച്ചുനടന്ന കോൺഫറൻസിൽ ഞാനുംകൂടി നിൽക്കുമ്പോൾ ആദിവാസി സഭാ സമിതിക്ക് മുഖ്യമന്ത്രി ഉറപ്പ് കൊടുത്തതാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം, ആ ഭൂമി കേന്ദ്ര വനനിയമത്തിന്റെ പരിധിയിൽ വരുന്നതായതുകൊണ്ട് കേന്ദ്രത്തിന്റെ അംഗീകാരം വാങ്ങേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ ആയിട്ടില്ല. എയ്ഞ്ചൽവാലി ഉൾപ്പെടെയുള്ള കർഷകരെ സംബന്ധിച്ചിടത്തോളം അവർ 2-3 ഏക്കർ ഭൂമി മാത്രമുള്ള ചെറുകിട റബ്ബർ കർഷകരാണ്. അവരെ സംബന്ധിച്ചിടത്തോളം വന്നിരിക്കുന്ന ബുദ്ധിമുട്ട്, റബ്ബറിന് 150 രൂപ കൊടുക്കുമെന്നുള്ള ഗവൺമെന്റ് പ്രഖ്യാപനം വന്നെങ്കിലും ആ പാവങ്ങൾക്ക് അത് കിട്ടില്ല. കാരണം അവർക്ക് പട്ടയമില്ല, റബ്ബർ ബോർഡ് രജിസ്ട്രേഷനില്ല. ഇങ്ങനെ എല്ലാവിധത്തിലും ഗതികെട്ട സാഹചര്യമുണ്ടായിരിക്കുകയാണ്. ജനുവരി മാസത്തിൽ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിലെടുത്ത തീരുമാനം നടപ്പാക്കാൻ എത്രയും വേഗം ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. സി. ജോർജ് പറഞ്ഞത് വളരെ ന്യായമായ കാര്യമാണ്. പമ്പാവാലി പ്രദേശത്തെ കർഷകർ പട്ടയം അർഹിക്കുന്നവരാണ്. അവർ ഭൂമി കയ്യേറിയവരല്ല. 1948-ൽ 'ഗ്രോ മോർ ഫുഡ്' പദ്ധതിപ്രകാരം ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അവരെ അവിടെ താമസിപ്പിച്ചതാണ്. രാജ്യത്തിനുവേണ്ടി വലിയൊരു ദൗത്യം നിർവ്വഹിച്ചവരാണ്. അവർക്ക് പട്ടയം നൽകുന്നതിനുള്ള നിയമപരമായ തടസ്സങ്ങൾ മാറിയിട്ടുണ്ട്. എത്രയുംവേഗം അവർക്ക് പട്ടയം കൊടുക്കുന്നതാണ്. പട്ടയം കൊടുക്കാത്തത് കൊണ്ട് റബ്ബർ കർഷകർക്കുവേണ്ടി ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയുടെ പ്രയോജനം കിട്ടുന്നില്ലായെന്നുപറഞ്ഞു. ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ഇത്തവണത്തെ ബഡ്ജറ്റിൽ 300 കോടി രൂപയാണ് റബ്ബർ കർഷകർക്കുവേണ്ടി മാറ്റി വച്ചത്. കേരളത്തിന്റെ ചരിത്രത്തിൽ അത്തരമൊരു സ്കീം ഉണ്ടായിട്ടില്ല. ആ സ്കീം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. റബ്ബർ വിലയിടിഞ്ഞ് ബുദ്ധിമുട്ടുന്ന കർഷകർക്ക് ഇത് ഒരാശ്വാസമാണ്. ഏറ്റവും നല്ല നിലയിൽ നടപ്പിലാക്കുന്ന സ്കീമിന്റെ പ്രയോജനം ഇങ്ങനെയുള്ള കർഷകർക്കും ലഭ്യമാക്കുന്നതിനുവേണ്ടി എന്താണ് ചെയ്യേണ്ടത് എന്നുള്ളകാര്യം പരിശോധിക്കാം. കർഷകരെല്ലാം സ്വാഗതം

ചെയ്തിട്ടുള്ള സ്കീമാണിത്. സാങ്കേതിക കാരണങ്ങളാൽ ഈ സ്കീമിന്റെ പ്രയോജനം കിട്ടാതെ പോകുന്നവർക്കുകൂടി കിട്ടണം എന്നതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അത് അവർക്ക് ലഭ്യമാക്കുന്നതിന് റബ്ബർ ബോർഡുമായി ആലോചിച്ച് അതിനൊരു പരിഹാരമുണ്ടാക്കാം.

ശ്രീ. പി. സി. ജോർജ് : സർ, റബ്ബർ പോലെ പ്രധാനപ്പെട്ടതാണ് ഒട്ടുപാൽ, ചണ്ടിപ്പാൽ എന്നിവ. ഷീറ്റ് മാത്രമല്ല റബ്ബർ പാലും കൊടുക്കുന്നുണ്ട്. അതിനുംകൂടി വില ഉറപ്പാക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, റബ്ബർ പാലിന് ഇപ്പോൾ നല്ല വിലയുണ്ട്. ഏതായാലും ഈ സ്കീം തുടങ്ങുന്ന സമയത്ത് റബ്ബർ പാലിന് നല്ല വിലയുണ്ടായിരുന്നു. സാധാരണ റബ്ബറിന് നല്ല വില കിട്ടിയതിനുശേഷം മറ്റുകാര്യങ്ങളെക്കുറിച്ച് ആലോചിക്കാം.

5. ദളിത് ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് ആനുകൂല്യം

മി. ചെയർമാൻ : ഇതേ വിഷയം സംബന്ധിച്ച് ശ്രീ. സണ്ണി ജോസഫും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, സമൂഹത്തിൽ എല്ലാ രീതിയിലും ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു വിഭാഗമാണ് ദളിത് ക്രൈസ്തവർ. ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സ്റ്റൈപ്പൻഡിന്റേയും ലംപ്സം ഗ്രാന്റിന്റേയും പേരിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾ എന്ന നിലയിൽ അവർക്ക് ലഭിക്കാൻ അർഹതയുള്ള സ്കോളർഷിപ്പ് ഇപ്പോൾ നിഷേധിച്ചിരിക്കുകയാണ്. ലംപ്സം ഗ്രാന്റും സ്റ്റൈപ്പൻഡും ഗവൺമെന്റ് നൽകുന്ന ഗ്രാന്റാണ്. അത് ഗ്രാന്റായിത്തന്നെയാണ് കണക്കാക്കേണ്ടത്. അത് സ്കോളർഷിപ്പല്ല. അത് കിട്ടുന്നുവെന്നുള്ളതുകൊണ്ട് ഈ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷ സ്കോളർഷിപ്പ് നിഷേധിക്കുന്നത് ശരിയല്ല. സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഫീസിളവ് അടക്കം എസ്.സി. വിഭാഗത്തിന് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. അവർക്കും അത് ലഭിക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളണം. അതുപോലെ പട്ടികജാതിക്കാരുടെ വായ്പാകടിശ്ശിക എഴുതിത്തള്ളുന്ന പദ്ധതി ദളിത് ക്രൈസ്തവർക്കും ബാധകമാക്കണം. ഈ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ദളിത് ക്രൈസ്തവ സംഘടന ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly